5262

DIRETORATE OF EMPLOYMENT AND TR
07 FEB 2017
THIRUVANANTHAPURAM

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലന വകുപ്പ് - ജീവനക്കാര്യം - എൻ.സി.വി.ടി/എസ്.സി.വി.ടി നടത്തുന്ന ഫുഡ് പ്രൊഡക്ഷൻ ജനറൽ, ഫുഡ് പ്രൊഡക്ഷൻ വെജിറ്റേറിയൻ എന്നീ കോഴ്സുകൾ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കെ.ജി.സി.ഇ. ഫുഡ് പ്രൊഡക്ഷൻ കോഴ്സിന് തത്തുല്യ യോഗ്യതയായി പരിഗണിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (സി)വകുപ്പ്

**സ.ഉ.(കൈ) 5/2017/തൊഴിൽ** തിരുവനന്തപുരം,തീയതി, 04/02/2017

---

പരാമർശം:- 1.ശ്രീ. ഷിബു.എസ്, ശ്രീ. കൃഷ്ണകുമാർ.ആർ.യു, ശ്രീ. അനീഷ്.എസ്. എന്നിവരുടെ നിവേദനം.

2. ശ്രീ. പ്രിൻസ് സാമിന്റെ 27.06.2016 ലെ നിവേദനം.

3. ട്രെയിനിംഗ് ഡയറക്ടറുടെ 06.10.2016 ലെ എഫ്1/21208/16 നമ്പർ കത്ത്.

**ഉത്തരവ്**

വിനോദസഞ്ചാര വകുപ്പിലെ കുക്ക് തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിനായി (കാറ്റഗറി നം.564/13) എൻ.സി.വി.ടി/എസ്.സി.വി.ടി നടത്തുന്ന ഫുഡ് പ്രൊഡക്ഷൻ ജനറൽ, ഫുഡ് പ്രൊഡക്ഷൻ വെജിറ്റേറിയൻ എന്നീ കോഴ്സുകൾ ഗസറ്റ് വിജ്ഞാപന പ്രകാരമുള്ള യോഗ്യതയായ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കെ.ജി.സി.ഇ. ഫുഡ് പ്രൊഡക്ഷൻ കോഴ്സിന് തത്തുല്യ യോഗ്യതയായി പരിഗണിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം 1, 2 എന്നിവ പ്രകാരം നിവേദകർ അപേക്ഷിക്കുകയുണ്ടായി.

2) എൻ.സി.വി.ടി/എസ്.സി.വി.ടി നടത്തുന്ന ഫുഡ് പ്രൊഡക്ഷൻ ജനറൽ, ഫുഡ് പ്രൊഡക്ഷൻ വെജിറ്റേറിയൻ എന്നീ കോഴ്സുകളുടെ സിലബസ് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കെ.ജി.സി.ഇ. ഫുഡ് പ്രൊഡക്ഷൻ കോഴ്സിന് തുല്യമാണെന്ന ടെക്നിക്കൽ കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരം വ്യാവസായിക പരിശീലന വകുപ്പ് 2010, 2012, 2014 എന്നീ വർഷങ്ങളിൽ അപേക്ഷകർക്ക് പി.എസ്.സി.യിൽ ഹാജരാക്കുന്നതിന് സർട്ടിഫിക്കറ്റ് നൽകിയിരുന്നു എങ്കിലും വ്യാവസായിക പരിശീലന വകുപ്പ് നൽകുന്ന സർട്ടിഫിക്കറ്റ് പി.എസ്.സി. അംഗീകരിക്കാത്ത സാഹചര്യത്തിൽ മേൽ കോഴ്സുകൾ തുല്യമാണെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം 3 പ്രകാരം ട്രെയിനിംഗ് ഡയറക്ടർ ശിപാർശ

ചെയ്യുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 3-ലെ ട്രെയിനിംഗ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എൻ.സി.വി.ടി/എസ്.സി.വി.ടി നടത്തുന്ന ഫുഡ് പ്രൊഡക്ഷൻ ജനറൽ, ഫുഡ് പ്രൊഡക്ഷൻ വെജിറ്റേറിയൻ എന്നീ കോഴ്സുകൾ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ K G C E ഫുഡ് പ്രൊഡക്ഷൻ കോഴ്സിന് തത്തുല്യമായി പരിഗണിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ആർ. താരാദേവി**
**ജോയിൻറ് സെക്രട്ടറി**

ട്രെയിനിംഗ് ഡയറക്ടർ, വ്യാവസായിക പരിശീലന വകുപ്പ്, തിരുവനന്തപുരം.
ശ്രീ. ഷിബു.എസ്.,മൈലക്കൽ പുത്തൻ വീട്, കക്കോട് പി.ഒ., പുനലൂർ,
കൊല്ലം - 691 331.
ശ്രീ. കൃഷ്ണകുമാർ ആർ.യു., കൃഷ്ണ ഭവനം, പ്രാക്കുളം.പി.ഒ., കൊല്ലം - 691 602.
ശ്രീ. പ്രിൻസ് സാം, എബനീസർ, വിളങ്ങര, ചേപ്ര.പി.ഒ.,
കൊട്ടാരക്കര - 691 520
സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
(ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്/എ ആന്റ് ഇ), കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ്. (ഗവ. വെബ്ബ്സൈറ്റിൽ നൽകുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Bindu
സെക്ഷൻ ഓഫീസർ

2